പ്രസ്സ് റിലീസ് ജൂൺ 14, 2013

# നാളെ (ജൂൺ 16) ഡ്രൈ ഡേ: ജില്ലാതല ഉദ്ഘാടനം ഋഷിമംഗലത്ത്

സംസ്ഥാനവ്യാപകമായി നടത്തുന്ന ഊർജ്ജിത പകർച്ചവ്യാധി നിയന്ത്രണപരിപാടിയുടെ ഭാഗമായി നാളെ (ജൂൺ 16) തിരുവനന്തപുരം ജില്ലയിൽ 'ഡ്രൈ ഡേ' ആചരിക്കും. ആരോഗ്യമന്ത്രി വി.എസ്.ശിവകുമാർ ഉദ്ഘാടനകർമ്മം നിർവ്വഹിക്കും. വഞ്ചിയൂർ ഋഷിമംഗലത്ത് രാവിലെ 9 ന് നടക്കുന്ന ഉദ്ഘാടന സമ്മേളനത്തിൽ ജില്ലയിലെ ജനപ്രതിനിധികളും നടൻ സുരേഷ്ഗോപിയും പങ്കെടുക്കും. മേയർ കെ.ചന്ദ്രികയുടെ സാന്നിധ്യത്തിൽ മന്ത്രിയുടെ ഓഫീസിൽച്ചേർന്ന, തിരുവനന്തപുരം നിയമസഭാ നിയോജകമണ്ഡലത്തിലെ പകർച്ചവ്യാധി പ്രതിരോധ-നിയന്ത്രണ പ്രവർത്തനങ്ങളുടെ അവലോകനയോഗത്തിലാണ് ഇതുസംബന്ധിച്ച തീരുമാനമുണ്ടായത്.

തിരുവനന്തപുരത്തെ വിവിധ ആശുപത്രികളുടെ കീഴിലുള്ള ഫീൽഡ് പ്രവർത്തനങ്ങളും വാർഡുതല ശുചിത്വസമിതികളുടെ പ്രവർത്തനങ്ങളും യോഗം വിലയിരുത്തി. കൊതുക് നിർമ്മാർജ്ജന-ശുചീകരണ പ്രവർത്തനങ്ങൾക്കായി, ഓരോ വാർഡിനും 25,000 രൂപ വീതം അനുവദിച്ചിട്ടുള്ളത് ഫലപ്രദമായി വിനിയോഗിക്കണമെന്നും മന്ത്രി നിർദ്ദേശിച്ചു. 'ഡ്രൈ ഡേ' ആചരണത്തിൽ എല്ലാവരും പങ്കാളികളാകണം. വീടും പരിസരവും പരിശോധിച്ച് കൊതുകിന്റെ കൂത്താടികളെ നിർമ്മാർജ്ജനം ചെയ്യണം. ഊർജ്ജിത കൊതുക് നിവാരണത്തിൽ കക്ഷിരാഷ്ട്രീയത്തിനതീതമായി എല്ലാവരും അണിനിരക്കണം. യുവജന സാംസ്കാരിക സാമൂഹിക സംഘടനകൾ മുന്നിട്ടിറങ്ങണമെന്നും മന്ത്രി ആവശ്യപ്പെട്ടു.

'ഡ്രൈ ഡേ' ആചരണത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം നാളെ (ജൂൺ 16) രാവിലെ 9 ന് കോട്ടയത്ത് മുഖ്യമന്ത്രി ഉമ്മൻചാണ്ടി നിർവ്വഹിക്കുമെന്ന് യോഗത്തിൽ അറിയിച്ചു. നഗരസഭയുടെ ആരോഗ്യ സ്ഥിരംസമിതി അദ്ധ്യക്ഷ പുഷ്പലത, തിരുവനന്തപുരം മണ്ഡലത്തിലെ മറ്റ് കൗൺസിലർമാർ, ആരോഗ്യവകുപ്പ് അഡീഷണൽ ഡയറക്ടർമാരായ ഡോ: എൻ.ശ്രീധർ, ഡോ: പ്രഭാചന്ദ്രൻനായർ, ഡി.പി.എം. ഡോ: ബി.ഉണ്ണിക്കൃഷ്ണൻ തുടങ്ങിയവർ പങ്കെടുത്തു.

**ആരോഗ്യവകുപ്പ് മന്ത്രിയുടെ**
**പ്രസ്സ് സെക്രട്ടറി**
**(+91 9946 105965)**

---------------------------